പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2189 — 16.08. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ. ബി യിലെ മീറ്റർ റീഡർ തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോയി എം.ജോൺ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കെ.എസ്. ഇ. ബി യിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(സി) നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോ? | (എ),(ബി)&(സി) റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച ഒരു പഠനം ഐ.ഐ.എം കോഴിക്കോട് നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ) ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.<br>കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഏകദേശം 50% മേൽ സെക്ഷൻ ഓഫീസുകളിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സമ്പ്രദായം വഴിയാണ് മീറ്റർ റീഡിംഗ് ജോലികൾ നടന്നു വരുന്നത്. ഇത് മീറ്റർ റീഡറുടെ ജോലിയെ ഏത് രീതിയിൽ ബാധിക്കും എന്ന വിഷയം കൂടി പരിഗണിച്ചും, ഐ.ഐ.എം റിപ്പോർട്ടിന്റെ വെളിച്ചത്തിലും, മീറ്റർ റീഡർ തസ്തിക ബോർഡ് കാലോചിതമായി പരിഷ്കരിക്കും, അതിനുശേഷം മാത്രമേ കൃത്യമായി എത്ര ഒഴിവുകൾ മീറ്റർ റീഡർ തസ്തികയിൽ ഉണ്ട് എന്ന് ബോർഡ് തീരുമാനം ആകുകയുള്ളൂ. ഇത്തരത്തിൽ ഒഴിവുകൾ ഉണ്ടെന്ന് കണ്ടെത്തുന്ന മുറയ്ക്ക് അവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ